## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം :- ആ.വ.ഡ – ജീവനക്കാര്യം – 01.01.2009 മുതൽ 31.12.2013 വരെയുള്ള ആരോഗ്യ വകുപ്പിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. യമുനാഭായി. എം.കെ, ശ്രീമതി. ജിഷ പുളിഞ്ഞോളിൽ എന്നിവരുടെ പേര് ചേർക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ച് പുറപ്പെടുവിച്ചിരുന്ന നോട്ടീസ് അന്തിമമാക്കി ഉത്തരവാകുന്നു.

പരാമർശം :- 1) നം.എ4-12642/2018/ജി.മെ.ആ കണ്ണൂർ തീയതി 10.10.2019
2) നം. സി 1(4)1043/11(3) കെ.പി.എസ്.സി ജില്ലാ ഓഫീസ് കണ്ണൂർ തീയതി 11.12.2013
3) (കെ.ഡിസ്) എ4/1394/2016/ജി.മെ.ആ കണ്ണൂർ തീയതി 11.04.2016
4) (കെ.ഡിസ്) എ4/9217/2016/ജി.മെ.ആ കണ്ണൂർ തീയതി 28.07.2016
5) നം. ഇ.എസ്2-88500/2014/ആവഡ തീയതി 26.06.2015.
6) 30.07.2020 തീയതിയായുള്ള ഇതേ നമ്പർ നോട്ടീസ്.

### ഉത്തരവ് നം.ഇ.എസ് 2-1376/2020/ആ.വ.ഡ തീയതി 19.08.2020

ആരോഗ്യ വകുപ്പിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ പേര് ചേർക്കുന്നതിനായി ശ്രീമതി. യമുനാഭായി. എം.കെ, എഫ്.എച്ച്.സി കാങ്കോൽ, ശ്രീമതി. ജിഷ പുളിഞ്ഞോളിൽ, പി.എച്ച്.സി തൃപ്രങ്ങോട്ടൂർ എന്നിവർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ സൂചന 1 പ്രകാരം ജില്ലാ മെഡിക്കൽ ആഫീസർ കണ്ണൂർ അയച്ചു തന്നിരുന്നു.

സൂചന 2 പ്രകാരമുള്ള പി.എസ്.സി ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി. യമുനാഭായി 18.01.2014 നും ശ്രീമതി. ജിഷ പുളിഞ്ഞോളിൽ 13.01.2014 നും സർവ്വീസിൽ പ്രവേശിച്ചു. സൂചന 3 & 4 പ്രകാരം പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

സൂചന 5 പ്രകാരമുള്ള ആരോഗ്യ വകുപ്പിലെ 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ എൽ.ഡി ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഇവരുടെ പേരുകൾ ഉൾപ്പെട്ടിട്ടില്ല.

മേൽ സാഹചര്യത്തിൽ സൂചന 2 പ്രകാരമുള്ള പി.എസ്.സി അഡൈ്വസിന്റെയും ജനനത്തീയതിയുടെയും മുൻഗണന പരിഗണിച്ച് ശ്രീമതി. യമുനാഭായി. എം.കെ ക്ക് 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 425 (i) സ്ഥാനവും ശ്രീമതി. ജിഷ പുളിഞ്ഞോളിൽ ന് 425 (ii) സ്ഥാനവും നൽകി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ച് സൂചന 6 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ടി നോട്ടീസിന്മേൽ നാളിതുവരെ ആക്ഷേപങ്ങളൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീമതി. യമുനാഭായി. എം.കെ, ശ്രീമതി. ജിഷ പുളിഞ്ഞോളിൽ എന്നിവർക്ക് 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ സൂചന 6 പ്രകാരം നൽകിയിരുന്ന താൽക്കാലിക സ്ഥാനം അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. No | Name | Date of birth | DOE | Advice/Govt. Order No. | Date reckoned for seniority | Old Rank No. | New Rank No. |
|---|---|---|---|---|---|---|---|
| 1. | Smt. Athira Neethu | 18.05.1987 | 13.07.2011 | GO(MS) No.498/2007/ H&FWD dated 05.12.2007 ED1/06/2010/DHS dated 15.06.2011 A2/96/2009 | 06.12.2013 | 425 | - |
| 2. | Smt. Yamuna Bhai. M.K | 05.04.1979 | 18.01.2014 | Adv.No. C1(4) 1043/11(2) of DPSC Kannur dated 11.12.2013 A4/8888/2013/DMOH Kannur dated 07.01.2014 | 11.12.2013 | - | 425 (i) |
| 3. | Smt. Jisha Pulinholil | 14.03.1980 | 13.01.2014 | Adv. No. C1(4)/1043/11(2) of DPSC Kannur dated 11.12.2013 A4-8888/2013/DMOH Kannur dated 07.01.2014 | 11.12.2013 | - | 425 (ii) |
| 4. | Sri. Roy Lawrence D'Souza | 13.04.1981 | 31.01.2014 | Adv. No. WR11(2)1119/11-(4) KPSC WYD dated 11.12.2013 and A2/567/2009/DMO WYD dated 13.01.2014 | 11.12.2013 | 425 A | - |

ഒപ്പ്/-
കുമാരി ബീന. വി.റ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസര്

സ്വീകർത്താവ്

1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
2) ജില്ലാ മെഡിക്കൽ ആഫീസർമാർക്ക്
3) സൂപ്രണ്ട്, ഇ.ഡി സെക്ഷൻ
4) ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്